**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 316** **03-03-2023 - ൽ മറുപടിയ്ക്ക്**

**പ്രവാസി പെൻഷൻ ക്രമക്കേട് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പ്രവാസി ക്ഷേമനിധി ബോർഡിന്റെ രേഖകളിൽ തിരിമറി നടത്തി പ്രവാസി പെൻഷൻ വിതരണത്തിൽ ക്രമക്കേട് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇക്കാര്യത്തിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ സോഫ്റ്റ്‌വെയർ ഡെവലപ്പർ ആയ കെൽട്രോണിനെ അറിയിക്കുകയും ലഭ്യമായ എല്ലാ വിശദാംശങ്ങളോടെ പോലീസിന്റെ സൈബർ സെല്ലിൽ പരാതി നൽകുകയും ചെയ്തിട്ടുണ്ട്. ഉത്തരവാദി എന്ന് കണ്ടെത്തിയ താത്കാലിക ജീവനക്കാരിയെ ജോലിയിൽ നിന്നും പുറത്താക്കിയിട്ടുണ്ട്. പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ടി ജീവനക്കാരിയെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തിവരികയും ചെയ്യുന്നു. ബോർഡിന് നഷ്ടമായ തുകയിൽ 18,49,394/- രൂപ തിരിച്ചടപ്പിച്ചിട്ടുണ്ട്. കൂടാതെ അനർഹമായി പെൻഷനും ആനുകൂല്യങ്ങളും കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ ഈടാക്കി വരുന്നു. ബോർഡിന് നഷ്ടം വന്ന തുകയിൽ 78% തിരികെ ലഭിച്ചിട്ടുണ്ട്. ബാക്കി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കൃത്രിമങ്ങൾ നടത്താൻ പറ്റാത്തവിധം സോഫ്റ്റ്‌വെയർ സുരക്ഷ കൂട്ടുന്നതിന് സോഫ്റ്റ്‌വെയർ ഡെവലപ്പർ ആയ കെൽട്രോണിന് നിർദ്ദേശം നൽകുകയും സോഫ്റ്റ്‌വെയർ ആഡിറ്റ് നടത്തി സുരക്ഷാ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ